"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് - 2023-24-ലെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനായി ഓഡിറ്ററെ തെരഞ്ഞെടുത്ത നടപടിയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്

സ.ഉ.(സാധാ) നം.439/2025/LSGD തീയതി,തിരുവനന്തപുരം, 12-02-2025

---

പരാമർശം:- കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 29.07.2024-ലെ 20/2024/KTTKB/AUDIT നമ്പർ കത്ത്

**ഉത്തരവ്**

കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ വകുപ്പ് 25 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം ബോർഡിന്റെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഡിസംബർ അവസാനത്തിനു മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതുണ്ട്. ഇതിലേക്കായി സർക്കാരിന്റെ അംഗീകാരത്തോടെ ഓഡിറ്റർമാരെ നിയമിക്കാനും അവർക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വേതനം നൽകാനും ക്ഷേമനിധി നിയമം ബോർഡിനെ അധികാരപ്പെടുത്തുന്നു. ടി സാഹചര്യത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരവ് - ചെലവ് കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനായി ബോർഡ് തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതായും, ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്കുകൾ (10,000 രൂപ) ക്വോട്ട് ചെയ്തവരിൽ നിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ CA Santhosh Alexander & Associates നെ ഓഡിറ്ററായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ടി നടപടിയ്ക്ക് അംഗീകാരം നൽകണമെന്നും പരാമർശ കത്ത് പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2023-24-ലെ വരവ് - ചെലവ് കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനായി ബോർഡ് തീരുമാന പ്രകാരം CA Santhosh Alexander & Associates-നെ ഓഡിറ്ററായി നിയമിച്ച ക്ഷേമനിധി ബോർഡിന്റെ നടപടിയ്ക്ക് അംഗീകാരം നൽകിയും ഓഡിറ്റർക്ക് പ്രതിഫലമായി 10,000/- രൂപ നൽകാൻ അനുവാദം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 12-02-2025 12:27:58
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്